## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 588 — 29-06-2011-ൽ മറുപടിയ്ക്ക്

### നദികളുടെയും പുഴകളുടെയും മലിനീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നദികളുടെയും പുഴകളുടെയും മലിനീകരണം തടയുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നടന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) & (ബി) നദികളിലേക്കും,പുഴകളിലേക്കും,മലിന ജലമൊഴുക്കുന്ന വ്യവസായശാലകൾ, ആശുപത്രികൾ, വൻകിട ഹോട്ടലുകൾ, ഫ്ലാറ്റുകൾ മുതലായവയെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിന്റെ പരിധിയിൽ കൊണ്ടുവരുകയും മലിന ജല ശുദ്ധീകരണ പ്ലാന്റുകൾ ഏർപ്പെടുത്തിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തു. ശബരിമല സീസൺ കാലത്ത് എരുമേലി തോട്ടത്തിലെ മലിനീകരണം തടയുന്നതിനായി ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ബോർഡ് ഏർപ്പെടുത്തി ദേവസ്വം ബോർഡിന് കൈമാറുകയും ഇവയുടെയെല്ലാം പുരോഗതി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) വേമ്പനാട് കായലിന്റെ വ്യാപ്തി അനുദിനം കുറഞ്ഞു വരുന്നതും വ്യവസായ-ടൂറിസം മേഖലകളിൽ നിന്നുണ്ടാകുന്ന മലിനീകരണവും കായൽ നേരിടുന്ന വെല്ലുവിളിയായി കാണുന്നുണ്ടോ;<br><br>(ഡി) എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) & (ഡി) വ്യവസായ - ടൂറിസം മേഖലകളിൽ നിന്നുണ്ടാകുന്ന ജലസ്രോതസ്സുകളുടെ മലിനീകരണം അനുദിനം നേരിടേണ്ടിവരുന്ന വെല്ലുവിളികളിൽ ഒന്നാണ്. വേമ്പനാട് കായലിൽ വ്യവസായ - ടൂറിസം മേഖലകളിൽ നിന്നുണ്ടാകുന്ന മലിനീകരണം കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>വ്യവസായശാലകളിൽ നിന്നുണ്ടാകുന്ന മലിനജലം ശാസ്ത്രീയമായ രീതിയിൽ ശുദ്ധീകരിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന മാലിന്യഘടകങ്ങളുടെ പരിധിക്കുള്ളിലാണോ എന്ന് പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നു.<br>ടൂറിസം മേഖലയിൽ റിസോർട്ടുകളും ഹൗസ്ബോട്ടുകളുമാണ് മലിനീകരണ |

